"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

നമ്പർ.ജി2/36125/2014. ചാക്ക, തിരുവനന്തപുരം
തീയതി: 26.11.2014

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2014- റീ-കൗണ്ടിംഗിന് അപേക്ഷ ക്ഷണിക്കുന്നത്-സംബന്ധിച്ച് -

***************

2014 ജൂലൈ മാസം നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ (പഴയ സമ്പ്രദായം) പങ്കെടുത്ത ട്രെയിനികൾക്ക് എഴുത്ത് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു) പൂരിപ്പിച്ച അപേക്ഷ ഒറിജിനിൽ ചെലാൻ സഹിതം 11.12.2014 ന് മുൻപ് ഡെപ്യൂട്ടി ഡയറക്ടർ(ട്രെയിനിംഗ്), ട്രെയിനിംഗ് ഡയറക്ടറേറ്റ്, പരീക്ഷാ വിഭാഗം, ചാക്ക ഐ.ടി.ഐ കാമ്പസ്, ബീച്ച്.പി.ഒ തിരുവനന്തപുരം-7 എന്ന വിലാസത്തിൽ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ 15.12.2014 3 പി.എം-ന് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. തോറ്റ വിഷയത്തിന് 20/-രൂപയും, വിജയിച്ച വിഷയത്തിന് 50/-രൂപയുമാണ് റീകൗണ്ടിംഗിനുവേണ്ടി '0230-എൽ & ഇ-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്' എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടതാണ്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതോ, അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ ഒരു കാരണവശാലും റീ-കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനിയുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് ജനുവരി 2015-ൽ നടക്കുന്ന അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എ-26.11.14

**അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2014 (പഴയ സമ്പ്രദായം)**

**റീ–കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം**

1. അപേക്ഷകന്റെ പേരും തപാൽ വിലാസവും (പിൻകോഡ് സഹിതം) :
2. ട്രേഡ് :
3. റോൾ നമ്പർ :
4. സർക്കാർ ഐ.ടി.ഐ./ പ്രൈവറ്റ് ഐ.ടി.ഐ.യുടെ പേര് :
5. റീ–കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ :1.
   2.
6. റീ–കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 1.
   : 2.
   : 3.
7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ
8. റീ–കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം
   - ചെലാൻ നമ്പർ :
   - തീയതി :
   - തുക :
   - ട്രഷറിയുടെ പേര് :
9. അപേക്ഷകൻ പ്രൈവറ്റ് കാൻഡിഡേറ്റ് ആണോ (എങ്കിൽ അപേക്ഷ സ്വീകരിച്ച പ്രിൻസിപ്പാളിന്റെ ഒപ്പ് രേഖപ്പെടുത്തുക) :

**പ്രതിജ്ഞ**

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

**പ്രതിജ്ഞ**

.....................................................എന്ന ട്രെയിനി ജൂലൈ 2014 അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ..................................................ഗവ/പ്രൈവറ്റ് ഐ.റ്റി.ഐ യിൽ നിന്നും .....................................................ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ

സ്ഥലം :

തീയതി :

എ–26.11.14